# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 494

## 04/02/2020 ൽ മറുപടി നൽകേണ്ടത്

### ബയോമെട്രിക് മസ്റ്ററിംഗ്

**ചോദ്യം**

ശ്രീ. സി. മമ്മൂട്ടി
ശ്രീ. അബ്ദുൽ ഹമീദ്.പി.
ശ്രീ. പി.കെ.ബഷീർ
ശ്രീ. ടി.വി.ഇബ്രാഹിം

**മറുപടി**

ഡോ. റ്റി. എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്തു സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ ഏതാണ്ട് അഞ്ചുശതമാനം പേർ അനർഹരാണെന്നു കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗിനു ശേഷം 2020 ജനുവരി 31-ലെ കണക്കുകൾ പ്രകാരം ഗുണഭോക്തൃപ്പട്ടികയിലുണ്ടായിരുന്ന 402059 പേർ മസ്റ്ററിംഗ് ചെയ്യാതെ അവശേഷിക്കുന്നു. ഇത് ഏകദേശം 8.5.% വരും. ഇവരിൽ പല കാരണങ്ങളാലും മസ്റ്ററിംഗ് നടത്താൻ കഴിയാതെ പോയവരും ഉൾപ്പെട്ടിരിക്കാം. അവരുടെ കൂടി വിവരങ്ങൾ ലഭിച്ചതിനു ശേഷമേ ഇക്കാര്യത്തിലെ അന്തിമ കണക്കുകൾ വ്യക്തമാകുകയുള്ളൂ. അതേസമയം മരണപ്പെട്ടവരുടെ പേരിലും അനർഹരായവരും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയിരുന്നു എന്ന നിഗമനത്തിലേയ്ക്കാണ് ഈ കണക്കുകൾ എത്തിക്കുന്നത്. |
| (ബി) | അർഹരായ പെൻഷൻകാരെ കണ്ടെത്തുന്നതിനായി ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ; | അർഹരായ പെൻഷൻകാരെ കണ്ടെത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനുമാണ് നിലവിൽ ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തിയത്. |
| (സി) | മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ | മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും ഉൾപ്പെടെ അക്ഷയ കേന്ദ്രങ്ങളിൽ നേരിട്ടെത്തി മസ്റ്റർ ചെയ്യാൻ കഴിയാത്ത എല്ലാ പെൻഷൻ ഗുണഭോക്താക്കളെയും |

| | | |
|---|---|---|
| | നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | അവരുടെ വീടുകളിലെത്തി മസ്റ്റർ ചെയ്യുന്നതിന് അക്ഷയകേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ